## സർക്കുലർ

നം. പി 7/38067/2017 തിരുവനന്തപുരം.തീയതി: 28/07/21

വിഷയം:- നഗരകാര്യ വകുപ്പ് - പെൻഷൻ വിഭാഗം - റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 04/03/2016-ലെ സ.ഉ (എം.എസ്) നമ്പർ 49/2016 ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

----------

കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്ന റഗുലർ വിഭാഗം ജീവനക്കാർക്ക് പ്രതിമാസം പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് വേണ്ടിയാണ് 10/91 ൽ സെൻട്രൽ പെൻഷൻ സ്കീം ആരംഭിച്ചിട്ടുള്ളത്.

എന്നാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക നീക്കിയിരിപ്പില്ലാത്ത സാഹചര്യം സംജാതമാകുകയും ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെയും തുടർന്ന് നഗരസഭകളിൽ നിന്ന് വിരമിക്കുന്ന റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് അധിക ഫണ്ട് അനുവദിക്കില്ല എന്ന വ്യവസ്ഥയിൽ നഗരസഭകൾക്ക് നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ നിന്ന് പെൻഷൻ നൽകുന്നതിനാവശ്യമായ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് 04/03/16 ലെ സ.ഉ (എം.എസ്) 49/2016/ത.സ്വ.ഭ.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിനാൽ എല്ലാ നഗരസഭാ സെക്രട്ടറിമാരും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭകൾക്ക് അനുവദിച്ചിട്ടുള്ള ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും മാത്രം വിരമിച്ച റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകേണ്ടതാണ്. ജനറൽ പർപ്പസ് ഗ്രാന്റിൽ തുക നീക്കിയിരിപ്പില്ലാത്ത സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ടി ജീവനക്കാർക്ക് പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകേണ്ടതാണ്. പെൻഷൻ ഫണ്ട് സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ പെൻഷൻ അലോട്ട്മെന്റ് നഗരസഭകൾക്ക് അനുവദിക്കുന്നതാണ്. ജീവനക്കാരുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

ഡോ.രേണുരാജ് ഐ.എ.എസ്
നഗരകാര്യ ഡയറക്ടർ

പകർപ്പ് : എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും,
എല്ലാ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും.
ജോയിന്റ് ഡയറക്ടർ (ഭരണം), ഫിനാൻസ് ഓഫീസർ, പെൻഷൻ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, കരുതൽ ഫയൽ